# മധുരമായ കുട്ടികളേ- ശാന്തിധാമം പാവനമായ ആത്മാക്കളുടെ വീടാണ്, ആ വീട്ടിലേക്ക് പോകണമെങ്കിൽ സമ്പൂർണ്ണമായും പാവനമായി മാറൂ.

**ചോദ്യം-** ബാബ എല്ലാ കുട്ടികൾക്കും ഏതൊരു ഉറപ്പാണ് നൽകുന്നത്?
**ഉത്തരം -** മധുരമായ കുട്ടികളേ, നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഞാൻ ഉറപ്പ് നൽകുകയാണ് ശിക്ഷകളനുഭവിക്കാതെ എന്റെ വീട്ടിലേക്ക് പോകാം. നിങ്ങൾ ഒരു ബാബയിൽ മാത്രം ഹൃദയം വെക്കൂ. നിങ്ങൾ പഴയ ലോകത്തെ കണ്ടുകൊണ്ടും കാണാതിരിക്കൂ, ഈ ലോകത്തിലിരുന്നുകൊണ്ടും പവിത്രമായിരുന്ന് കാണിക്കൂ, എങ്കിൽ ബാബ നിങ്ങൾക്ക് അവശ്യം വിശ്വത്തിന്റെ ചക്രവർത്തിപദവി നൽകും.

**ഓം ശാന്തി -** ആത്മീയ കുട്ടികളോട് ആത്മീയ അച്ഛൻ ചോദിക്കുകയാണ്, കുട്ടികൾക്കറിയാം ബാബ വന്നിരിക്കുകയാണ് നമ്മൾ കുട്ടികളെ തന്റെ വീട്ടിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി, ഇപ്പോൾ വീട്ടിലേക്ക് പോകാനുള്ള മനസ്സുണ്ടോ? സർവ്വ ആത്മാക്കളുടേയും വീടാണ് അത്. ഇവിടെ എല്ലാ ജീവാത്മാക്കൾക്കും വീട് ഒന്നല്ല. ബാബ വന്നു എന്ന് മനസ്സിലാക്കി കഴിഞ്ഞു. ബാബയെ ക്ഷണിച്ച് വിളിച്ചതാണ്. ഞങ്ങളെ വീട്ടിലേക്ക് അഥവാ ശാന്തിധാമത്തിലേക്ക് കൊണ്ടുപോകൂ. ഇപ്പോൾ ബാബ പറയുകയാണ് തന്റെ ഹൃദയത്തോട് ചോദിക്കൂ - അല്ലയോ ആത്മാക്കളേ, നിങ്ങൾ പതിതർക്ക് എങ്ങനെ പോകാൻ സാധിക്കും? തീർച്ചയായും പാവനമായി മാറണം. ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. മറ്റൊരു കാര്യവും പറയുന്നില്ല. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ ഇത്രയും സമയം പുരുഷാർത്ഥം ചെയ്തത്, എന്തിനുവേണ്ടിയായിരുന്നു? മുക്തിക്കുവേണ്ടി. ഇപ്പോൾ ബാബ ചോദിക്കുകയാണ് വീട്ടിലേക്ക് പോകാനുള്ള ചിന്തയുണ്ടോ? കുട്ടികൾ പറയുന്നു - ബാബാ ഇതിനുവേണ്ടിയാണ് ഇത്രയും ഭക്തി ചെയ്തത്. ഇതുമറിയാം എല്ലാ ജീവാത്മാക്കളേയും കൂടെ കൊണ്ടുപോകണം. പക്ഷേ പവിത്രമായി മാറി വീട്ടിലേക്ക് പോകണം, പിന്നീട് പവിത്ര ആത്മാക്കളാണ് ആദ്യമാദ്യം വരിക. അപവിത്ര ആത്മാക്കൾക്ക് വീട്ടിലിരിക്കാൻ സാധിക്കില്ല. ഇപ്പോൾ കോടിക്കണക്കിന് ആത്മാക്കളാണ്. എല്ലാവർക്കും വീട്ടിലേക്ക് പോകണം. ആ വീടിനെയാണ് ശാന്തിധാമമെന്നും അഥവാ വാനപ്രസ്ഥമെന്നും പറയപ്പെടുന്നത്. നമ്മൾ ആത്മാക്കൾക്ക് പാവനമായി മാറി പാവനമായ ശാന്തിധാമത്തിലേക്ക് പോകണം. ഇത്രേയുള്ളു. എത്ര സഹജമായ കാര്യമാണ്. പാവനമായ ശാന്തിധാമം ആത്മാക്കളുടേതാണ്. സത്യയുഗം പാവനമായ സുഖധാമമാണ് ജീവാത്മാക്കൾക്കായി. ഇതാണ് ജീവാത്മാക്കളുടെ പതിത ദു:ഖധാമം. ഇതിൽ ആശയക്കുഴപ്പത്തിന്റെ കാര്യമില്ല. ശാന്തിധാമത്തിലാണ് എല്ലാ പവിത്രാത്മാക്കളും വസിക്കുന്നത്. അത് ആത്മാക്കളുടെ പവിത്രമായ ലോകമാണ് - നിർവ്വികാരിയും നിരാകാരിയുമായ ലോകം. ഈ പഴയ ലോകം ജീവാത്മാക്കളുടെതാണ്. എല്ലാവരും പതിതരാണ്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് ആത്മാക്കളെ പാവനമാക്കി മാറ്റാൻ, പാവനമായ ലോകം ശാന്തിധാമത്തിലേക്ക് കൊണ്ടുപോകാൻ. പിന്നീട് ആരാണോ രാജയോഗം പഠിക്കുന്നത് അവർ പാവനമായ സുഖധാമത്തിലേക്ക് വരുന്നു. ഇത് വളരെ സഹജമാണ്, ഇതിൽ വേറൊരു കാര്യത്തെക്കുറിച്ചും ചിന്തിക്കേണ്ട ആവശ്യമില്ല. ബുദ്ധികൊണ്ട് മനസ്സിലാക്കണം. നമ്മൾ ആത്മാക്കളുടെ പിതാവ് വന്നുകഴിഞ്ഞു, നമ്മളെ പാവനമായ ശാന്തിധാമത്തിലേക്ക് കൊണ്ടുപോകാൻ. അവിടേക്ക് പോകാനുള്ള വഴി നമ്മൾ മറന്നിരിക്കുകയായിരുന്നു, അതിപ്പോൾ ബാബ പറഞ്ഞുതരികയാണ്. കൽപകൽപം ഞാൻ ഇതേപോലെ വന്ന് പറയുന്നു - അല്ലയോ കുട്ടികളേ, എന്നെ ശിവബാബയെ ഓർമ്മിക്കൂ. സർവ്വർക്കും സത്ഗതിദാതാവ് ഒരു സത്ഗുരുവാണ്. ബാബ വന്ന് കുട്ടികൾക്ക് സന്ദേശം അഥവാ ശ്രീമത്ത് നൽകുകയാണ് കുട്ടികളേ ഇപ്പോൾ നിങ്ങൾക്ക് എന്തുചെയ്യണം? പകുതി കൽപം നിങ്ങൾ വളരെ ഭക്തി ചെയ്ത്, ദുഃഖമെടുത്തു. ചിലവ് ചെയ്ത്-ചെയ്ത് ദരിദ്രരായി മാറി. ആത്മാവും സതോപ്രധാനതയിൽനിന്നും തമോപ്രധാനമായി മാറി. ഇപ്പോൾ ഈ കുറച്ച് കാര്യം മാത്രമേ മനസ്സിലാക്കുവാനുള്ളൂ. ഇപ്പോൾ വീട്ടിലേക്ക് പോകണമോ വേണ്ടയോ? അതെ ബാബാ, തീർച്ചയായും പോകണം. അത് നമ്മുടെ മധുരമായ ശാന്തിധാമമാണ്. ഇതും അറിയാം നമ്മൾ പതിതരാണ് അതുകൊണ്ട് പോകാൻ സാധിക്കില്ല. ഇപ്പോൾ ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ നിങ്ങളുടെ പാപങ്ങളെല്ലാം ഭസ്മമാകും. കൽപകൽപം ഈ സന്ദേശമാണ് നൽകുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ഈ ദേഹം നശിക്കാനുള്ളതാണ്. ബാക്കി ആത്മാക്കൾക്ക് തിരിച്ചുപോകണം. ആ ലോകത്തെയാണ് പറയുന്നത് നിരാകാരി ലോകം. നിരാകാരി ആത്മാക്കളെല്ലാവരും അവിടെയാണ് വസിക്കുന്നത്. സർവ്വാത്മാക്കളുടേയും വീടാണത്. നിരാകാരനായ ബാബയും അവിടെത്തന്നെയാണ് വസിക്കുന്നത്. ബാബ വരുന്നത് ഏറ്റവും അവസാനമാണ്. കാരണം എല്ലാവരേയും തിരികെ കൊണ്ടുപോകണം. ഒരു പതിത ആത്മാവുപോലും അവശേഷിക്കില്ല, ഇതിൽ ആശയക്കുഴപ്പത്തിന്റേയോ

പ്രയാസത്തിന്റേയോ കാര്യമില്ല. പാടാറില്ലേ അല്ലയോ പതിതപാവനാ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റി കൂടെ കൊണ്ടുപോകൂ. എല്ലാവരുടേയും പിതാവല്ലേ. പിന്നീട് എപ്പോഴാണോ നമ്മൾ പുതിയ ലോകത്തിൽ പാർട്ട് അഭിനയിക്കാൻ വേണ്ടി വരുന്നത്, അപ്പോൾ വളരെ കുറച്ചുപേരെ അവിടെ ഉണ്ടായിരിക്കുള്ളു. ബാക്കി ഇത്രയും കോടിക്കണക്കിന് ആത്മാക്കൾ എവിടെപ്പോയിരിക്കുന്നുണ്ടാകും? ഇതുമറിയാം സത്യയുഗത്തിൽ വളരെകുറച്ച് ജീവാത്മാക്കളേ ഉണ്ടായിരുന്നുള്ളു, ചെറിയ വൃക്ഷമായിരുന്നു. പിന്നീട് വൃദ്ധി പ്രാപിക്കുന്നു. വൃക്ഷത്തിലും അനേകധർമ്മങ്ങളുടെ വൈവിധ്യമാണ്. ഇതിനെയാണ് കൽപവൃക്ഷമെന്ന് പറയുന്നത്. ഒന്നും മനസ്സിലാകുന്നില്ലായെങ്കിൽ ചോദിക്കൂ. ചിലർ പറയാറുണ്ട് – ബാബാ, കൽപ്പത്തിന്റെ ആയുസ്സ് 5000 വർഷമാണെന്നുള്ളത് ഞങ്ങൾ എങ്ങിനെ അംഗീകരിക്കും? ബാബ സത്യം തന്നെയല്ലേ കേൾപ്പിക്കുക. ചക്രത്തിന്റെ കണക്കും പറഞ്ഞുതരുന്നുണ്ട്.

കൽപ്പത്തിന്റെ സംഗമയുഗത്തിൽ ബാബ വന്ന് ദൈവീകരാജധാനിയുടെ സ്ഥാപന ചെയ്യുന്നു, അതിപ്പോൾ ഇല്ല. പിന്നീട് സത്യയുഗത്തിൽ ഒരു ദൈവീക രാജധാനിയുണ്ടാകുന്നു. ഈ സമയത്ത് നിങ്ങൾക്ക് രചയിതാവിന്റേയും രചനയുടേയും ജ്ഞാനം കേൾപ്പിക്കുകയാണ്. ബാബ പറയുകയാണ് ഞാൻ കൽപകൽപം, കൽപ്പത്തിന്റെ സംഗമയുഗത്തിലാണ് വരുന്നത്. പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. പഴയ ലോകം അവസാനിക്കാനുള്ളതാണ്. ഡ്രാമയുടെ നിയമമനുസരിച്ച്, പുതിയതിൽനിന്നും പഴയതും, പഴയതിൽനിന്നും പുതിയതും ആയിത്തീരുന്നു. ഇതിൽ പൂർണ്ണമായും 4 ഭാഗങ്ങളാണ്. ഇതിനെത്തന്നെയാണ് സ്വസ്തിക എന്ന് പറയുന്നത്. പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ഭക്തിമാർഗ്ഗത്തിൽ പാവക്കളി കളിച്ച് കൊണ്ടിരിക്കുകയാണ്. അനവധി ചിത്രങ്ങളാണ്, വിശേഷിച്ചും ദീപാവലിയിൽ കടകളിൽ അനേക ചിത്രങ്ങൾ ഉണ്ടാക്കിവെച്ചിട്ടുണ്ടാവും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു ഒരു ശിവബാബയുടെ കുട്ടികളാണ് നമ്മളെല്ലാവരും. പിന്നീട് സാകാരത്തിൽ വരുമ്പോൾ ലക്ഷ്മീനാരായണന്റെ രാജ്യം, പിന്നീട് സീതാ–രാമന്റെ രാജ്യം. പിന്നീട് മറ്റെല്ലാ ധർമ്മങ്ങളും വരുന്നു, ഇതുമായി നിങ്ങൾ കുട്ടികൾക്ക് യാതൊരു ബന്ധവുമില്ല. എല്ലാവരും അവരവരുടെ സമയത്ത് വരുന്നു, പിന്നീടെല്ലാവർക്കും തിരിച്ചുപോകണം. നിങ്ങൾ കുട്ടികൾക്കും ഇപ്പോൾ തിരിച്ചുപോകണം. ഈ മുഴുവൻ ലോകത്തിനും വിനാശം സംഭവിക്കും. ഇപ്പോൾ ഇവിടെ എന്തിനിരിക്കണം. ഈ ലോകത്തോട് പ്രീതി തന്നെ തോന്നുന്നില്ല. ഹൃദയത്തിന്റെ പ്രീതി ഒരേയൊരു പ്രിയതമനുമായി വെക്കണം, ആ പ്രിയതമൻ പറയുന്നു നിങ്ങൾ എന്നോട് ഹൃദയത്തിന്റെ പ്രീതി വെക്കുകയാണെങ്കിൽ പാവനമായി മാറും. ഇപ്പോൾ വളരെ സമയം കഴിഞ്ഞുപോയിരിക്കുന്നു. അൽപ്പമേ ബാക്കിയുള്ളു, സമയം പൊയ്ക്കൊണ്ടേയിരിക്കുകയാണ്. യോഗത്തിലിരിക്കുന്നില്ലായെങ്കിൽ അന്തിമത്തിൽ അവർ വളരെയധികം പശ്ചാത്തപിക്കും, ശിക്ഷകളും അനുഭവിക്കും. പദവിയും ഭ്രഷ്ടമാകും. നമ്മുടെ വീട് ഉപേക്ഷിച്ച് നമ്മൾ എത്ര സമയം കഴിഞ്ഞു എന്നുള്ളത് നിങ്ങൾക്ക് ഇപ്പോഴാണ് മനസ്സിലായത്. വീട്ടിലേക്ക് പോകുന്നതിനുവേണ്ടി പരിശ്രമിച്ചതല്ലേ. ബാബയേയും വീട്ടിലാണ് ലഭിക്കുക. സത്യയുഗത്തിൽ ലഭിക്കില്ലല്ലോ. മുക്തിധാമത്തിൽ പോകുന്നതിനുവേണ്ടി മനുഷ്യർ എത്ര പരിശ്രമം ചെയ്യുന്നു. ഇതിനെയാണ് ഭക്തിമാർഗ്ഗം എന്നു പറയുന്നത്. ഇപ്പോൾ ഡ്രാമയനുസരിച്ച് ഭക്തിമാർഗ്ഗം അവസാനിക്കണം. ഇപ്പോൾ ഞാൻ നിങ്ങളെ വീട്ടിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. തീർച്ചയായും കൂടെ കൊണ്ടുപോകും. ആര് എത്രത്തോളം പാവനമായി മാറുന്നുവോ അവർക്ക് അത്രയും ഉയർന്ന പദവി ലഭിക്കുന്നു. ഇതിൽ ആശയക്കുഴപ്പത്തിന്റെ കാര്യമില്ല. ബാബ പറയുകയാണ് – കുട്ടികളേ, നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഞാൻ ഗ്യാരന്റി നൽകുകയാണ് നിങ്ങൾ ശിക്ഷകളനുഭവിക്കാതെ വീട്ടിലേക്ക് പോകും. ഓർമ്മയിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. അഥവാ ഓർമ്മിക്കുന്നില്ലായെങ്കിൽ ശിക്ഷകളും അനുഭവിക്കേണ്ടിവരും, പദവിയും ഭ്രഷ്ടമാകും. ഓരോ 5000 വർഷത്തിനുശേഷവും ഞാൻ ഇതുതന്നെയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. ഞാൻ അനേകപ്രാവശ്യം വന്നതാണ് നിങ്ങൾ കുട്ടികളെ തിരിച്ച് കൂടെ കൊണ്ടുപോകാൻ. നിങ്ങൾ കുട്ടികളാണ് ജയപരാജയത്തിന്റെ പാർട്ട് അഭിനയിക്കുന്നത്, വീണ്ടും ഞാൻ വന്നിരിക്കുകയാണ് കൂടെ കൊണ്ടുപോകാൻ. ഇതാണ് പതിതമായ ലോകം, അതുകൊണ്ടാണ് പറയുന്നത് പതിതപാവനാ വരൂ, ഞങ്ങൾ വികാരി പതിതരാണ്, വന്ന് നിർവ്വികാരി പാവനമാക്കി മാറ്റൂ. ഇതാണ് വികാരി ലോകം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സമ്പൂർണ്ണമായും നിർവ്വികാരിയായി മാറണം. ആരാണോ അവസാനം വരുന്നത് അവർ ശിക്ഷകളനുഭവിച്ച് തിരികെ പോകുന്നു. അതുകൊണ്ട് അവർ വരുന്നതും രണ്ടുകല കുറവുള്ള ലോകത്തേക്കാണ്. അവരെ സമ്പൂർണ്ണ പവിത്രരെന്ന് പറയില്ല അതുകൊണ്ട് ഇപ്പോൾ പുരുഷാർത്ഥവും പൂർണ്ണമായും ചെയ്യണം. ഒരിക്കലും പദവി കുറയരുത്. രാവണരാജ്യമല്ലെങ്കിലും പദവി നമ്പർവൈസായിരിക്കുമല്ലോ. ആത്മാവിൽ ക്ലാവ് പിടിക്കുമ്പോൾ ശരീരവും അതിനനുസരി ച്ചിട്ടുള്ളതാണ് ലഭിക്കുക. ആത്മാവ് ഗോൾഡൻഏജിൽ(സത്യയുഗം) നിന്നും സിൽവർഏജായി (ത്രേതായുഗം) മാറുന്നു. വെള്ളിയുടെ കലർപ്പ് ആത്മാവിലുണ്ടാകുന്നു. പിന്നീട് അനുദിനം കൂടുതൽ കൂടുതൽ വികാരത്തിന്റേതായ മോശമായ ക്ലാവ് പറ്റിപ്പിടിക്കുന്നു. ബാബാ വളരെ നല്ലരീതിയിൽ

മനസ്സിലാക്കിത്തരികയാണ്. ആർക്ക് മനസ്സിലാകുന്നില്ലയോ അവർ കൈയ്യുയർത്തൂ. ആരാണോ 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വന്നത്, അവർക്കാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. ബാബ പറയുകയാണ് ഞാൻ ഈ ബ്രഹ്മാവിന്റെ 84 ജന്മങ്ങളുടെ അന്തിമജന്മത്തിലാണ് വന്ന് പ്രവേശിക്കുന്നത്. ബ്രഹ്മാവിനു തന്നെ പിന്നീട് ആദ്യത്തെ നമ്പറിലേക്ക് വരണം. ആദ്യം ആരാണോ വന്നിരുന്നത്, അവർ തന്നെ ആദ്യം അവസാനത്തേക്ക് വരുന്നു. ആ ആൾക്കുതന്നെ ആദ്യ നമ്പരിലേക്ക് പോകണം, ആരാണോ വളരെയധികം ജന്മങ്ങളെടുത്ത് അന്തിമത്തിൽ പതിതമായി മാറുന്നത്, ഞാൻ പതിതപാവനൻ ആ ശരീരത്തിലേക്കാണ് വരുന്നത്, ആ ആളെയാണ് പാവനമാക്കി മാറ്റുന്നത്. എത്ര വ്യക്തമായിട്ടാണ് മനസ്സിലാക്കിത്തരുന്നത്.

ബാബ പറയുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപങ്ങൾ ഭസ്മമാകും. ഗീതാജ്ഞാനം നിങ്ങൾ വളരെ കേട്ടു, കേൾപ്പിച്ചു. പക്ഷേ അതിലൂടെയൊന്നും നിങ്ങൾക്ക് സത്ഗതി ലഭിച്ചില്ല. അനവധി സന്യാസിമാർ നിങ്ങൾക്ക് മധുരമധുരമായ വാക്കുകളിലൂടെ ശാസ്ത്രങ്ങളും കേൾപ്പിച്ചു, ഈ വാക്കുകൾ കേട്ട് വലിയ-വലിയ ആൾക്കാർ പോലും ഒരുമിച്ചുകൂടുന്നു. ശ്രവണരസമല്ലേ. ഭക്തിമാർഗ്ഗം ശ്രവണരസമാണ്. ഇവിടെ ആത്മാക്കൾക്ക് ബാബയെ ഓർമ്മിക്കണം. ഭക്തിമാർഗ്ഗം ഇപ്പോൾ പൂർത്തിയാകുന്നു. ബാബ പറയുകയാണ് ഞാൻ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം നൽകുന്നതിനുവേണ്ടി വന്നിരിക്കുകയാണ്, ഈ ജ്ഞാനത്തെക്കുറിച്ച് ആരും അറിയുന്നില്ല. ഞാനാണ് ജ്ഞാനത്തിന്റെ സാഗരൻ. ജ്ഞാനത്തെ അറിവെന്ന് പറയുന്നു. നിങ്ങളെ എല്ലാം പഠിപ്പിക്കുകയാണ്. 84 ജന്മത്തിന്റെ ചക്രത്തെപ്പറ്റിയും മനസ്സിലാക്കിത്തരുന്നു, നിങ്ങളിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. സ്ഥൂലവതനത്തിൽനിന്നും സൂക്ഷ്മവതനത്തെ മറികടന്ന് മൂലവതനത്തിലേക്ക് പോകണം. ആദ്യമാദ്യം ലക്ഷ്മീ-നാരായണന്റെ രാജധാനിയായിരുന്നു. അവിടെ വികാരി കുട്ടികൾ ഉണ്ടാകുന്നില്ല, രാവണരാജ്യമില്ല. എല്ലാം നടക്കുന്നത് യോഗബലത്തിലൂടെയാണ്, ഇപ്പോൾ കുട്ടിയായി മാറി ഗർഭക്കൊട്ടാരത്തിലേക്ക് പോകണമെന്ന് നിങ്ങൾക്ക് സാക്ഷാത്കാരം ഉണ്ടാകും. സന്തോഷത്തോടെ പോകും. ഇവിടെ മനുഷ്യർ എത്ര കരഞ്ഞുനിലവിളിക്കുന്നു. ഇവിടെ ഗർഭജയിലിലേക്കല്ലേ പോകുന്നത്. സത്യയുഗത്തിൽ കരയുന്നില്ല, നിലവിളിക്കേണ്ട കാര്യമില്ല. തീർച്ചയായും ശരീരം മാറണം. എങ്ങിനെയാണോ സർപ്പത്തിന്റെ ഉദാഹരണം, ഇതിൽ ആശയക്കുഴപ്പത്തിന്റെ കാര്യമില്ല. കൂടുതൽ ചോദിക്കേണ്ട ആവശ്യവുമില്ല. പൂർണ്ണമായും പാവനമായി മാറുന്നതിനുള്ള പുരുഷാർത്ഥത്തിൽ മുഴുകണം. എന്താ ബാബയെ ഓർമ്മിക്കുന്നത് പ്രയാസമാണോ! ബാബയുടെ മുന്നിലല്ലേ ഇരിക്കുന്നത്. ഞാൻ നിങ്ങളുടെ പിതാവ് നിങ്ങൾക്ക് സുഖത്തിന്റെ സമ്പത്താണ് നൽകുന്നത്. നിങ്ങൾക്ക് ഈ ഒരു അന്തിമ ജന്മത്തിൽ മാത്രം ഓർമ്മയിലിരിക്കാൻ സാധിക്കില്ലേ! ഇവിടെ നല്ലരീതിയിൽ മനസ്സിലാക്കും പിന്നെ വീട്ടിലേക്ക് പോയി പത്നിയുടെയും മറ്റും മുഖം കണ്ടാൽ മായ വിഴുങ്ങുന്നു. ബാബ പറയുകയാണ് ആരിലും മമത്വം വെക്കരുത്. എല്ലാം അവസാനിക്കാനുള്ളതാണ്. ഓർമ്മിക്കേണ്ടത് ഒരു ബാബയെ മാത്രം. നടക്കുമ്പോഴും കറങ്ങുമ്പോഴും ബാബയേയും തന്റെ രാജധാനിയേയും ഓർമ്മിക്കണം. ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. സത്യയുഗത്തിൽ മോശമായ വസ്തുക്കളോ മാംസമോ ഒന്നുംതന്നെയില്ല. ബാബ പറയുകയാണ് വികാരങ്ങളെ ഉപേക്ഷിക്കൂ. ഞാൻ നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവിയാണ് നൽകുന്നത്, എത്ര നേട്ടമാണുണ്ടാകുന്നത്. എന്തുകൊണ്ട് പവിത്രമായി ജീവിക്കുന്നില്ല. ഈയൊരു ജന്മം പവിത്രമായിരിക്കുന്നതിലൂടെ എത്രയോ ഉയർന്ന പ്രാപ്തിയാണുണ്ടാകുന്നത്. ഒരുമിച്ച് താമസിക്കൂ, ജ്ഞാനത്തിന്റെ വാൾ മദ്ധ്യത്തിലുണ്ടായിരിക്കണം. പവിത്രമായിരുന്ന് കാണിക്കുകയാണെങ്കിൽ വളരെ ഉയർന്ന പദവി പ്രാപിക്കും. കാരണം ബാലബ്രഹ്മചാരിയായിട്ടല്ലേ വസിക്കുന്നത്. നോളേജും ആവശ്യമാണ്. മറ്റുള്ളവരേയും തനിക്കു സമാനമാക്കി മാറ്റണം. സന്യാസിമാർക്ക് കാണിച്ചുകൊടുക്കണം എങ്ങനെയാണ് ഞങ്ങൾ ഒരുമിച്ചിരുന്നിട്ടും പവിത്രമായി ജീവിക്കുന്നത്. അവർ മനസ്സിലാക്കും ഇവരിൽ ഉയർന്ന ശക്തിയുണ്ട്. ബാബ പറയുകയാണ് ഈ ഒരു ജന്മത്തിൽ പവിത്രമായിരിക്കുന്നതിലൂടെ 21 ജന്മത്തേക്ക് നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറും. ഇത്രയ്ക്കും വലിയ സമ്മാനം ലഭിക്കുന്നു എങ്കിൽ എന്തുകൊണ്ട് പവിത്രമായിരുന്ന് കാണിച്ചുകൊടുത്തുകൂടാ. സമയം ബാക്കി കുറച്ചേയുള്ളൂ. അവസാനം ശബ്ദം മുഴങ്ങും(പേര് പ്രശസ്ഥമാകും), പത്രങ്ങളിലും വരും. റിഹേഴ്സൽ കണ്ടതല്ലേ. ഒരു അണുബോംബിലൂടെത്തന്നെ അവസ്ഥ എന്തായി എന്ന്. ഇപ്പോഴും അതിന്റെ ഫലമായി ആശുപത്രിയിൽ കിടക്കുന്നവരുണ്ട്. ഒരു ബുദ്ധിമുട്ടുമില്ലാതെ പെട്ടെന്നുതന്നെ അവസാനിക്കുന്ന തരത്തിലുള്ള ബോംബുകളാണ് ഇപ്പോൾ ഉണ്ടാക്കുന്നത്. ഈ റിഹേഴ്സലെല്ലാം കഴിഞ്ഞ് പിന്നീട് ഫൈനലാകും. പെട്ടെന്നു തന്നെ മരിക്കുന്നുണ്ടോ ഇല്ലയോ എന്ന് നോക്കുകയാണ്? പിന്നീട് ഇതല്ലാതെ മറ്റേതെങ്കിലും യുക്തി രചിക്കുന്നു. ഹോസ്പിറ്റലൊന്നും ഉണ്ടാകില്ല. ആരിരുന്നു സേവനം ചെയ്യാനുണ്ടാകും? പിതൃതർപ്പണത്തിനായുള്ള ബ്രാഹ്മണരും ഉണ്ടായിരിക്കില്ല. ബോംബ് എറിഞ്ഞു, അവസാനിച്ചു. ഭൂചലനത്തിൽ എല്ലാം അമർന്നുപോകും. ഒട്ടും തന്നെ സമയമെടുക്കില്ല. ഇവിടെ നോക്കൂ എത്ര മനുഷ്യരാണ്. സത്യയുഗത്തിൽ വളരെ കുറച്ചേ ഉണ്ടാകൂ. ഇത്രയ്ക്കും പേർ

എങ്ങനെ വിനാശമാകും! മുന്നോട്ട് പോകവേ എല്ലാം കാണാം. സത്യയുഗത്തിൽ ആരംഭത്തിൽ 9 ലക്ഷം പേരാണ്.

സാധുക്കളും നിങ്ങളാണ്, പ്രഭുവിന് പ്രിയപ്പെട്ടവരും നിങ്ങളാണ്. ഇപ്പോൾ എല്ലാം ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്ന സാധുക്കളാണ് ബാബയ്ക്ക് പ്രിയപ്പെട്ടത്. സത്യയുഗത്തിൽ വളരെ ചെറിയ വൃക്ഷമായിരിക്കും. ധാരാളം കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. ഏതെല്ലാം അഭിനേതാക്കളുണ്ടോ, എല്ലാ ആത്മാക്കളും അവിനാശിയാണ്. എല്ലാവരും അവരവരുടേതായ പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണ്. കൽപകൽപം നിങ്ങൾ തന്നെയാണ് വന്ന് ബാബയുടെ വിദ്യാർത്ഥികളായി പഠിക്കുന്നത്. നിങ്ങൾക്കറിയാം ബാബ നമ്മളെ പവിത്രമാക്കി മാറ്റി കൂടെ കൊണ്ടുപോകുന്നു. ബാബയും ഡ്രാമയനുസരിച്ച് ബന്ധനസ്ഥനാണ്. എല്ലാവരേയും തിരികെ തീർച്ചയായും കൂടെ കൊണ്ടുപോകും അതുകൊണ്ടാണ് പാണ്ഡവസേന എന്ന പേര്. നിങ്ങൾ പാണ്ഡവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? നിങ്ങൾ കല്പം മുമ്പത്തേതു പോലെ ബാബയിൽനിന്നും രാജ്യഭാഗ്യം എടുത്തുകൊണ്ടിരിക്കുകയാണ്, നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ബാബക്ക് പ്രിയപ്പെട്ടവരായി മാറുന്നതിനുവേണ്ടി പൂർണ്ണമായും ദരിദ്രരായിത്തീരണം. ദേഹത്തെപ്പോലും മറന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുക തന്നെയാണ് ദരദ്രരായി മാറുക. ബാബയിൽനിന്നും ഏറ്റവും വലിയ സമ്മാനം നേടുന്നതിനുവേണ്ടി സമ്പൂർണ്ണമായും പാവനമായി മാറിക്കാണിക്കണം.

2. വീട്ടിലേക്ക് തിരിച്ചുപോകണം. അതുകൊണ്ട് പഴയ ലോകത്തോട് ഹൃദയത്തിന്റെ പ്രീതി വെക്കരുത്. ഒരേയൊരു പ്രിയതമനുമായി മാത്രം ഹൃദയത്തിന്റെ പ്രീതി വെക്കണം. ബാബയെയും രാജധാനിയെയും മാത്രം ഓർമ്മിക്കണം.

## വരദാനം:-ബ്രാഹ്മണ ജീവിതത്തിൽ സദാ പ്രസന്നതയുടെയും ശ്രദ്ധയുടെയും സ്ഥിതിയിൽ ഇരിക്കുന്ന കമ്പൈന്റ് രൂപധാരിയായി ഭവിക്കട്ടെ.

അഥവാ ഏതെങ്കിലും പരിതസ്ഥിതിയിൽ പെട്ട് പ്രസന്നതയുടെ മൂഡ് മാറിപ്പോകുന്നുണ്ടെങ്കിൽ അതിനെ സദാ സമയത്തേക്കുള്ള പ്രസന്നത എന്ന് പറയില്ല. ബ്രാഹ്മണ ജീവിതത്തിൽ സദാ പ്രസന്നവും കെയർഫുള്ളുമായ മൂഡായിരിക്കണം, മൂഡ് മാറിപ്പോകാൻ പാടില്ല. മൂഡ് മാറുമ്പോൾ പറയും എനിക്ക് ഏകാന്തത വേണം, ഇന്ന് എന്റെ മൂഡ് അങ്ങനെയാണെന്ന്. മൂഡ് മാറുന്നത് ഒറ്റക്കിരിക്കുമ്പോഴാണ്, സദാ കമ്പൈന്റ് രൂപത്തിലിരിക്കാമെങ്കിൽ മൂഡ് മാറുകയില്ല.

## സ്ലോഗൻ:- ഏതൊരു ഉത്സവവും ആഘോഷിക്കുക അർത്ഥം ഓർമ്മയുടെയും സേവനത്തിന്റെയും ഉത്സാഹത്തിലിരിക്കുക.